കെ. അബ്ദുല്ലാ ഹസൻ

# സുന്നത്തും നിയമനിർമാണവും

**ഇസ്‌ലാമിൽ** വിശ്വാസം, കർമം, സ്വഭാവം എന്നീ മൂന്നു നിലകളിലുള്ള നിയമങ്ങളുടെ സമാഹാരത്തിനാണ് ശരീഅത്ത് എന്നു പറയുന്നത്. മറ്റൊരു ഭാഷയിൽ അതുതന്നെയാണ് പൂർണമായ ദീൻ. ശരീഅത്തിന്റെ സ്രോതസ്സുകളിൽ പ്രഥമ സ്ഥാനം ഖുർആനിനാണെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ ഖുർആൻ മാത്രമാണോ ശരീഅത്ത് നിയമങ്ങളുടെ അടിസ്ഥാനം? ഖണ്ഡിത വിധികളുടെ അടിസ്ഥാനം ഖുർആൻ മാത്രമാണെന്നാണ് ആധുനികരായ ചില എഴുത്തുകാരുടെ വാദം. പക്ഷേ വ്യത്യസ്ത ചിന്താധാരകളുൾക്കൊള്ളുന്ന മുസ്‌ലിം ലോകം പൊതുവെ ഇതുവരെ അംഗീകരിച്ചു വന്നിട്ടുള്ളത് ഇതിന്നെതിരാണ്. അവരുടെ വീക്ഷണത്തിൽ ഖുർആന്നു പുറമെ സുന്നത്തു കൂടി ശരീഅത്തിലെ ഖണ്ഡിത നിയമങ്ങൾക്ക് ആധാരമാണ്. ഇത് ഖുർആനിൽനിന്നും സുന്നത്തിൽനിന്നും മറ്റു പ്രമാണങ്ങളിൽനിന്നും വളരെ വ്യക്തമായി മനസ്സിലാക്കാം. ആദ്യമായി ഖുർആനിക തെളിവുകൾ പരിശോധിക്കാം.

അല്ലാഹുവിനെ അനുസരിക്കുന്ന പോലെത്തന്നെ പ്രവാചകനെ അനുസരിക്കുന്നത് മുസ്‌ലിംകൾക്ക് ഖുർആൻ നിർബന്ധമാക്കിയിരിക്കുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക, അവന്റെ ദൂതനെയും അനുസരിക്കുക. നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും. വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ തർക്കമുണ്ടായാൽ അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരെങ്കിൽ അതാണ് നിങ്ങൾക്കുത്തമം. നല്ല പരിണാമവും അതുതന്നെ" (*അന്നിസാഅ്:* 59). ഇവിടെ അല്ലാഹുവെ അനുസരിക്കാൻ കൽപിച്ചതിന്റെ താൽപര്യം, ഖുർആൻ അനുസരിക്കലാണെന്നു വ്യക്തം. അതിനു പുറമെ പ്രവാചകനെ കൂടി അനുസരിക്കാൻ കൽപിക്കുമ്പോൾ അത് സുന്നത്താവാനേ വഴിയുള്ളൂ. അതായത്, പ്രവാചകൻ അല്ലാഹുവിൽനിന്നുള്ള സന്ദേശവാഹകൻ മാത്രമല്ല; നിയമത്തിന്റെ ആധികാരിക സ്രോതസ്സ് തന്നെയാണ്.

എന്നാൽ ഇവിടെ കൈകാര്യകർത്താക്കളെകൂടി അനുസരിക്കാൻ പറഞ്ഞിരിക്കയാൽ അതും ശരീഅത്തിന്റെ മുഖ്യസ്രോതസ്സാണെന്നു പറയാമോ എന്നു ചോദിച്ചേക്കാം. ഇല്ലെന്നു തന്നെയാണ് മറുപടി. കാരണം പ്രസ്തുത ആയത്തിന്റെ ശേഷമുള്ള ഭാഗങ്ങൾ അതു വ്യക്തമാക്കുന്നു. 'തർക്കമുണ്ടായാൽ' എന്നുപറയുന്നത് ഖുർആന്റെയും സുന്നത്തിന്റെയും കാര്യത്തിലല്ല. അവിടെ തർക്കത്തിനു വകയില്ല. മടങ്ങേണ്ടതോ? ഖുർആനിലേക്കും സുന്നത്തിലേക്കും മാത്രവും. അവിടെ കൈകാര്യകർത്താക്കളില്ല. നിയമങ്ങളുടെ അടിസ്ഥാന സ്രോതസ്സ് ഖുർആനും സുന്നത്തും മാത്രമാണെന്ന് ഇത് വ്യക്തമാക്കുന്നു. ഇതേ കാര്യം ഖുർആൻ പലേടങ്ങളിലായി ആവർത്തിച്ചു പ്രഖ്യാപിക്കുന്നുണ്ട്. ഉദാഹരണമായി, പ്രവാചകനെ അനുസരിക്കാൻ അല്ലാഹു കൽപിച്ചതായതിനാൽ അത് യഥാർഥത്തിൽ അല്ലാഹുവിനു തന്നെയുള്ള അനുസരണമാ



**ശരീഅത്തിന്റെ സ്രോതസ്സുകളിൽ പ്രഥമ സ്ഥാനം ഖുർആനിനാണെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ ഖുർആൻ മാത്രമാണോ ശരീഅത്ത് നിയമങ്ങളുടെ അടിസ്ഥാനം? ഖണ്ഡിത വിധികളുടെ അടിസ്ഥാനം ഖുർആൻ മാത്രമാണെന്നാണ് ആധുനികരായ ചില എഴുത്തുകാരുടെ വാദം. പക്ഷേ വ്യത്യസ്ത ചിന്താധാരകളുൾക്കൊള്ളുന്ന മുസ്‌ലിം ലോകം പൊതുവെ ഇതുവരെ അംഗീകരിച്ചുവന്നിട്ടുള്ളത് ഇതിന്നെതിരാണ്. അവരുടെ വീക്ഷണത്തിൽ ഖുർആന്നു പുറമെ സുന്നത്തു കൂടി ശരീഅത്തിലെ ഖണ്ഡിത നിയമങ്ങൾക്ക് ആധാരമാണ്.**

ണെന്നു വ്യക്തമാക്കുന്നു ഖുർആൻ:

"ആർ പ്രവാചകനെ അനുസരിക്കുന്നുവോ അവൻ അല്ലാഹുവിനെ അനുസരിച്ചു"(*അന്നിസാഅ്:* 80).

പ്രവാചകാനുസരണത്തിന്റെ ഫലം സന്മാർഗ സിദ്ധിയാണെന്നും സുന്നത്തിനെ നിഷേധിച്ചുകൊണ്ട് നേർമാർഗം പ്രാപിക്കുക സാധ്യമല്ലെന്നും പഠിപ്പിക്കുന്നു മറ്റൊരിടത്ത്:

"നിങ്ങൾ അദ്ദേഹത്തെ (പ്രവാചകനെ) അനുസരിച്ചാൽ സന്മാർഗം പ്രാപിക്കും. നിങ്ങൾക്കു കാര്യങ്ങൾ വ്യക്തമായി എത്തിച്ചുതരാൻ മാത്രമേ നമ്മുടെ ദൂതനു ബാധ്യതയുള്ളൂ" (*അന്നൂർ:* 54).

മറ്റു ചിലേടത്ത് 'അനുസരിക്കുക' എന്ന പദത്തിനു പകരം പ്രവാചകന്റെ ജീവിത മാതൃക മുഴുവൻ ഉൾക്കൊള്ളുന്ന തരത്തിൽ അതിനേക്കാൾ വിശാലമായ 'പിൻപറ്റുക' എന്ന പദമാണ് ഖുർആൻ ഉപയോഗിച്ചിരിക്കുന്നത്:

"നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിനായി ആ പ്രവാചകനെ പിൻപറ്റുക" (*അൽ അഅ്റാഫ്:* 158).

നിയമനിർമാണത്തിൽ മാത്രമല്ല വിശ്വാസം, സ്വഭാവം എന്നിവയിലും സുന്നത്ത് പ്രമാണമാണ്.

"പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപറ്റുക, എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും. നിങ്ങളുടെ കുറ്റങ്ങൾ പൊറുത്തുതരും"(*ആലു ഇംറാൻ:* 31).

മറ്റൊരിടത്ത് നബി തിരുമേനിയുടെ കൽപനകളും നിരോധങ്ങളും സ്വീകരിക്കാൻ നേർക്കുനേരെത്തന്നെ കൽപിച്ചിരിക്കുന്നു ഖുർആൻ:

"പ്രവാചകൻ നിങ്ങളോട് കൽപിക്കുന്നത് നിങ്ങൾ സ്വീകരിക്കുക. തടയുന്നതിൽനിന്ന് വിട്ടുനിൽക്കുകയും ചെയ്യുക"(*അൽഹശ്ർ:* 7).

പ്രവാചകന്റെ കൽപന ധിക്കരിക്കുന്നവരെ ഖുർആൻ താക്കീതു ചെയ്യുന്നു:

"പ്രവാചകന്റെ കൽപനകൾ ധിക്കരിക്കുന്നവർ, അവരെ ഇഹത്തിൽ തന്നെ വല്ല വിപത്തും ബാധിക്കുന്നതോ പരത്തിൽ വേദനാജനകമായ ശിക്ഷ ബാധിക്കുന്നതോ ഭയപ്പെട്ടുകൊള്ളട്ടെ"(*അന്നൂർ:* 63).

പ്രവാചകന്റെ ഭാഗത്തുനിന്ന് ഒരു കൽപന വന്നാൽ അത് സർവാത്മനാ സ്വീകരിക്കാനല്ലാതെ തള്ളുകയോ കൊള്ളുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യമൊന്നും അല്ലാഹു വിശ്വാസികൾക്ക് നൽകിയിട്ടില്ല:

"അല്ലാഹുവും അവന്റെ ദൂതനും ഒരു കാര്യം വിധിച്ചാൽ വിശ്വാസിക്കോ വിശ്വാസിനിക്കോ പിന്നെ തങ്ങളുടെ കാര്യത്തിൽ സ്വാതന്ത്ര്യമൊന്നുമില്ല. ഇനി ആരെങ്കിലും അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുകയാണെങ്കിൽ അവൻ വഴികേടിൽ അകപ്പെട്ടതുതന്നെ"(*അൽഅഹ്സാബ്:* 36).

അപ്പോഴുണ്ടാവുന്ന പ്രശ്നങ്ങളിൽ പ്രവാചകൻ നൽകുന്ന വിധിത്തീർപ്പുകളെ സസന്തോഷം സ്വീകരിക്കുകയും പ്രവാചകന് സമ്പൂർണമായി കീഴ്പ്പെടുകയും ചെയ്യുന്നില്ലെങ്കിൽ അവൻ മുസ്‌ലിമാവുകയില്ലെന്ന് അല്ലാഹു ആണയിട്ടു പറയുന്നു:

"കാര്യം അവർ വിചാരിക്കുന്നതു പോലെയല്ല. നിന്റെ രക്ഷിതാവാണ് സത്യം, അവർ തങ്ങൾക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങളിൽ താങ്കളെ (പ്രവാചകനെ) വിധികർത്താവായി സ്വീകരിക്കുകയും പിന്നീട് താങ്കളുടെ വിധിയിൽ അവർക്ക് ഒരു മനപ്രയാസവും തോന്നാതിരിക്കുകയും അങ്ങനെ സമ്പൂർണമായി പ്രവാചകനു കീഴ്പ്പെടുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല തന്നെ" (*അന്നിസാഅ്:* 65).

വിശ്വാസികളാണെന്നു വാദിക്കുകയും പിന്നെ ചില പ്രശ്നങ്ങളിലെങ്കിലും പ്രവാചകനെ ധിക്കരിക്കുകയും ചെയ്യുന്നത് ശുദ്ധ കാപട്യത്തിന്റെ ലക്ഷണമാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു:

"ഞങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നുവെന്നവർ പറയുന്നു. എന്നിട്ട് അതിനു ശേഷമതാ അവരിൽനിന്ന് ഒരു വിഭാഗം പിന്തിരിഞ്ഞുപോകുന്നു. അവർ വിശ്വാസികളല്ല. അവർക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങളിൽ വിധി പറയുവാൻ അവരെ അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും വിളിച്ചാൽ അവരിൽ ഒരുവിഭാഗമതാ തിരിഞ്ഞുകളയുന്നു"(*അന്നൂർ:* 47,48).

വിജയികളായ വിശ്വാസികളെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ കൽപനകളോടെന്നപോലെ പ്രവാചകന്റെ കൽപനകളോടും ഒറ്റ സമീപനമേ അവർക്കുണ്ടാകാൻ പാടുള്ളൂ. മനസാ, വാചാ, കർമണാ അതംഗീകരിക്കുകയെന്ന ഒറ്റ സമീപനം:

"തങ്ങൾക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങളിൽ വിധി പറയാൻ അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികൾക്ക് ഒറ്റ വാക്കേയുള്ളൂ. അവർ പറയും: ഞങ്ങൾ കേട്ടനുസരിച്ചിരിക്കുന്നു. അവരാണ് വിജയികൾ"(*അന്നൂർ:* 51).

ഈ ഖുർആൻ സൂക്തങ്ങളിലൂടെ കണ്ണോടിക്കുന്ന ഏതൊരാൾക്കും സുന്നത്ത് ഇസ്‌ലാമിക ശരീഅത്തിൽ നിയമനിർമാണത്തിന്റെ അനിവാര്യ ഘടകമാണെന്നു ബോധ്യമാവാതിരിക്കില്ല. ഖുർആൻ പോലെത്തന്നെ സുന്നത്തും ഇക്കാര്യം വളരെ വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. നബി(സ)യെ പിൻപറ്റിക്കൊണ്ടല്ലാതെ സ്വർഗപ്രവേശം സാധ്യമല്ലെന്നു വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം തന്നെ പറഞ്ഞു:

"എന്റെ സമുദായം ഒന്നടങ്കം സ്വർഗത്തിൽ പ്രവേശിക്കും. വിസമ്മതിച്ചവരൊഴികെ. ആരോ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ആരാണ് വിസമ്മതിക്കുന്നവർ? അവിടുന്നു പറഞ്ഞു: എന്നെ അനുസരിച്ചവൻ സ്വർഗത്തിൽ പ്രവേശിച്ചു. എന്നെ

ധിക്കരിച്ചവൻ വിസമ്മതിച്ചു."

നമ്മുടെ കൈയിൽ ഖുർആനുണ്ടല്ലോ. അതു മതി... ഇനിയൊരു സുന്നത്തു കൂടി വേണ്ടതില്ലെന്നു വാദിച്ചുകൊണ്ട് വരാനിരിക്കുന്ന ഒരു വിഭാഗത്തെക്കുറിച്ച് തിരുമേനി മുന്നറിയിപ്പു നൽകിയിട്ടുണ്ട്. അവിടുന്ന് പറഞ്ഞതായി മിഖ്ദാദുബ്നു മഅ്ദീകരിബ് (റ) ഉദ്ധരിക്കുന്നു:

"അറിഞ്ഞുകൊള്ളുക: എനിക്ക് വേദം നൽകപ്പെട്ടു. അത്രതന്നെ വേറെയും. അറിഞ്ഞുകൊള്ളുക: എനിക്ക് ഖുർആൻ നൽകപ്പെട്ടു. അത്രതന്നെ വേറെയും. അറിഞ്ഞുകൊള്ളുക: ഭാവിയിൽ ഒരുവൻ വയറുനിറച്ച് കട്ടിലിൽ ചെരിഞ്ഞിരുന്നുകൊണ്ടു പറയും: നിങ്ങൾ ഖുർആൻ മുറുകെ പിടിക്കുക. അതിലുള്ള ഹലാൽ ഹലാലാക്കുകയും അതിലുള്ള ഹറാം ഹറാമാക്കുകയും ചെയ്യുക." തിർമിദിയുടെ റിപ്പോർട്ടിൽ ഇത്ര കൂടിയുണ്ട്: "അല്ലാഹുവിന്റെ ദൂതൻ ഹറാമാക്കിയത് അല്ലാഹു ഹറാമാക്കിയത് പോലെത്തന്നെയാണ്." ഇതേ ഹദീസ് പദ വ്യത്യാസങ്ങളോടെ മറ്റു സ്വഹാബികളിൽനിന്നും പലരും ഉദ്ധരിച്ചിട്ടുണ്ട്.

'വയറുനിറച്ച് കട്ടിലിൽ ചെരിഞ്ഞിരുന്നുകൊണ്ട്' എന്ന പ്രയോഗം സുഖലോലുപതയിലേക്കും താൽപര്യ പൂജയിലേക്കുമാണ് സൂചന നൽകുന്നത്. അത്തരക്കാരെ സംബന്ധിച്ചിടത്തോളം സുന്നത്തിനെ പ്രാമാണികതയിൽനിന്ന് ഒഴിവാക്കുന്നത് ഒരനിവാര്യതയായിരിക്കും. പക്ഷേ, അർപ്പണബോധമുള്ള വിശ്വാസികൾക്കത് ചേരുകയില്ലെന്നാണ് ഹദീസ് സൂചിപ്പിക്കുന്നത്.

ഇതുപോലെ ഹജ്ജതുൽ വിദാഇൽ സമുദായത്തോട് പല കാര്യങ്ങളും വസ്വിയ്യത്ത് ചെയ്ത ശേഷം തിരുമേനി പറഞ്ഞു:

"ഇവിടെ സന്നിഹിതരായവർ സന്നിഹിതരല്ലാത്തവർക്ക് എത്തിച്ചുകൊടുക്കട്ടെ, കാരണം സന്നിഹിതരായവർ എത്തിച്ചുകൊടുക്കുന്നത് തന്നെക്കാൾ ഗ്രഹിക്കുന്നവർക്കായിരിക്കാം."

ഖുർആൻ പോലെത്തന്നെ സുന്നത്തും ശരീഅത്തിന്റെ അവിഭാജ്യ ഘടകമാണെന്നും അതിനാൽ ഇസ്‌ലാമിക നിയമനിർമാണത്തിന്റെ മൂലസ്രോതസ്സാണെന്നും ഈ ഹദീസുകൾ വ്യക്തമാക്കുന്നു. ഇതേ ആശയം പ്രകാരാന്തരേണ വ്യക്തമാക്കുന്ന മറ്റു പല ഹദീസുകളും പ്രബലമായിത്തന്നെ വന്നിട്ടുണ്ട്. അതിനാൽ സ്വഹാബികൾക്കിടയിൽ ഈ വിഷയത്തിൽ ഒരഭിപ്രായ വ്യത്യാസവുമുണ്ടായിരുന്നില്ല. പ്രഗത്ഭ സ്വഹാബികളുമായി ബന്ധപ്പെട്ട നിരവധി സംഭവങ്ങൾ ഇത് തെളിയിക്കുന്നു. ചില ഉദാഹരണങ്ങൾ:

അബ്ദുല്ലാഹിബ്നു ഉമറിനോട് ഖാലിദുബ്നു ഉബൈദ് ചോദിച്ചു: "ഖുർആനിൽ നാട്ടിൽ വെച്ചുള്ള നമസ്കാരവും, ഭയമുള്ള സന്ദർഭങ്ങളിലെ നമസ്കാരവും ഞാൻ കാണുന്നു. എന്നാൽ യാത്രയിലെ നമസ്കാരം കാണാൻ കഴിയുന്നില്ലല്ലോ?" ഇബ്നു ഉമർ പറഞ്ഞു: "സഹോദരപുത്രാ, ഞങ്ങൾക്ക് ഒന്നുമറിയാത്ത അവസ്ഥയിലാണ് അല്ലാഹു മുഹമ്മദ് നബി(സ)യെ ഞങ്ങളിലേക്കയച്ചത്. അതിനാൽ ഞങ്ങൾ അല്ലാഹുവിന്റെ ദൂതൻ എന്തു ചെയ്യുന്നത് കണ്ടുവോ അതു ചെയ്യുക മാത്രമായിരുന്നു. യാത്രയിൽ ചുരുക്കി നമസ്കരിക്കുന്നത് അല്ലാഹുവിന്റെ ദൂതൻ നടപ്പാക്കിയ സമ്പ്രദായ(സുന്നത്ത്)മാണ്."

അബൂബക്റി(റ)ന്റെ കാലത്ത് ഒരു മാതാമഹി (ഉമ്മൂമ്മ) തന്റെ പേരക്കുട്ടിയുടെ മരണത്തെത്തുടർന്ന് അനന്തര സ്വത്തിൽ അവകാശം ചോദിച്ചുകൊണ്ട് അബൂബക്റി(റ)ന്റെ മുമ്പിൽ വന്നു. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിങ്ങൾക്കൊരവകാശവും ഞാൻ കാണുന്നില്ല. അല്ലാഹുവിന്റെ പ്രവാചകൻ നിങ്ങൾക്ക് അവകാശമുള്ളതായി പറഞ്ഞതും എനിക്കറിയില്ല.' പിന്നീടദ്ദേഹം ജനങ്ങളോട് ചോദിച്ചു: അപ്പോൾ മുഗീറത്തുബ്നു ശുഅ്ബ പറഞ്ഞു: 'അവർക്ക് സ്വത്തിന്റെ ആറിൽ ഒന്നു നൽകണമെന്ന് തിരുമേനി പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്.' അബൂബക്ർ(റ) ചോദിച്ചു: നിനക്കിതിനു മറ്റാരെങ്കിലും സാക്ഷികളുണ്ടോ?' അപ്പോൾ മുഹമ്മദുബ്നു മസ്‌ലമ അതിനു സാക്ഷിനിന്നു. അതോടെ അബൂബക്ർ(റ) അത് നടപ്പാക്കി. ഇത് ഒറ്റപ്പെട്ട സംഭവമല്ല. ഒരു വിഷയത്തിൽ നേർക്കു നേരെ ഖുർആനിൽ വിധിയില്ലെങ്കിൽ അതിൽ സുന്നത്ത് എന്തു പറയുന്നുവെന്ന് നോക്കുകയായിരുന്നു അബൂബക്റിന്റെ സമ്പ്രദായം. ശരീഅത്തിൽ സുന്നത്തിനു പ്രാമാണികതയില്ലെങ്കിൽ ഈ അന്വേഷണത്തിന് പ്രസക്തിയില്ലല്ലോ!

മഹ്റാനുബ്നു മൈമൂനിൽനിന്നു ബൈഹഖി ഉദ്ധരിക്കുന്നു: അബൂബക്റിന്റെ മുമ്പിൽ ഒരു കേസ് വന്നാൽ അദ്ദേഹം അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ പരതിനോക്കും. വിധിക്കേണ്ട കാര്യം അതിൽ കണ്ടാൽ അതനുസരിച്ചു വിധി കൽപിക്കും. കണ്ടില്ലെങ്കിൽ നബി തിരുമേനിയുടെ സുന്നത്തുണ്ടോ എന്നു നോക്കും. ഉണ്ടെങ്കിൽ അതനുസരിച്ചു വിധിക്കും. ഉള്ളതായി അറിയില്ലെങ്കിൽ ജനങ്ങളോട് ചോദിക്കും. ഉണ്ടെന്ന് അവർ പറഞ്ഞാൽ അതനുസരിച്ചു വിധിക്കും. അതുമില്ലെങ്കിൽ ജനനായകരെ വിളിച്ചു കൂടിയാലോചിക്കും. അവർ ഏകോപിച്ച് ഒരഭിപ്രായം പറഞ്ഞാൽ അത് സ്വീകരിക്കും. ഇതു തന്നെയായിരുന്നു രണ്ടാം ഖലീഫ ഉമറുബ്നുൽ ഖത്ത്വാബിന്റെയും സമ്പ്രദായം. അദ്ദേഹം പക്ഷേ ഒരു വിഷയത്തിൽ നബി തിരുമേനിയുടെ വിധിയൊന്നും കണ്ടില്ലെങ്കിൽ അബൂബക്റിന്റെ വിധിയുണ്ടോ എന്നുകൂടി നോക്കുമായിരുന്നു. അതുമില്ലെങ്കിലേ ജന നേതാക്കളിലേക്ക് തിരിയുകയുള്ളൂ. ഖാദി ശുറൈഹിനെ കൂഫയിലെ നീതിന്യായ ചുമതല ഏൽപിച്ചപ്പോൾ ഉമർ (റ) എഴുതി: "അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് വ്യക്തമാകുന്നതെന്താണെന്ന് നോക്കുക. അതേക്കുറിച്ച് ആരോടും ചോദിക്കേണ്ടതില്ല. അതിൽനിന്നു വ്യക്തമായില്ലെങ്കിൽ അല്ലാഹുവിന്റെ ദൂതന്റെ സുന്നത്ത് പിൻപറ്റുക. സുന്നത്തിലും വ്യക്തമല്ലെങ്കിൽ വിജ്ഞാനവും യോഗ്യതയുമുള്ളവരുമായി കൂടിയാലോചിച്ചു ഗവേഷണം ചെയ്ത് ഒരഭിപ്രായം രൂപവൽക്കരിക്കുക." (أعلام الموقعين لابن القيم)

ഇതുതന്നെയായിരുന്നു മറ്റു സ്വഹാബികളുടെയും ശേഷം താബിഉകളുടെയും മുഴുവൻ കർമശാസ്ത്ര പണ്ഡിതന്മാരുടെയും അവസ്ഥ. ഇജ്തിഹാദിന്റെ രണ്ടാമത്തെ സ്രോതസ്സായി സുന്നത്തിനെ അംഗീകരിക്കാത്ത ഒരു ചിന്താസരണിയും കർമ ശാസ്ത്രത്തിൽ നാം കാണുന്നില്ല. നിയമനിർമാണത്തിന്റെ അടിസ്ഥാനങ്ങളിൽ ഒന്നാണ് സുന്നത്തെന്ന കാര്യത്തിൽ ഇജ്മാഅ് (പണ്ഡിതന്മാരുടെ ഏകോപിതാഭിപ്രായം) ഉണ്ടെന്നാണ് ഇത് തെളിയിക്കുന്നത്.

ഇമാം അബൂഹനീഫയുടെ ചിന്താസരണി പക്ഷേ, ഖുർആനിലും സ്വകീയാഭിപ്രായങ്ങളിലും മാത്രം അധിഷ്ഠിതമായിരുന്നുവെന്ന് ചിലർ വാദിച്ചിട്ടുണ്ട്. അവരുടെ വീക്ഷണത്തിൽ ഇമാമിന് പതിനേഴ് ഹദീസുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. പിന്നെങ്ങനെയാണ് ഹദീസുകൾ അവലംബമാക്കുക? ഹനഫീ മദ്ഹബാണെങ്കിൽ ഒരു പിഴച്ച ചിന്താസരണിയായി മുസ്‌ലിം ലോകം അംഗീകരിച്ചിട്ടില്ല. മറിച്ച്, മറ്റ് ചിന്താസരണികൾക്ക് കടപ്പാടുള്ള ഉദാത്തമായ ആദ്യത്തെ ചിന്താസരണിയായി മാത്രമേ അവരതിനെ സ്വീകരിച്ചിട്ടുള്ളൂ. എന്നിരിക്കെ, ഹദീസുകളില്ലെങ്കിൽ തന്നെ ശരീഅത്തിന്റെ മുഖ്യവശമായ ഫിഖ്ഹ് പൂർണമാകുമെന്നല്ലേ അത് തെളിയിക്കുന്നത്? ഇതാണവരുടെ ന്യായം.

ഈ വാദം അടിസ്ഥാനപരമായിത്തന്നെ ശരിയല്ല. ഇമാം അബൂഹനീഫക്ക് ഹദീസുകൾ കിട്ടിയിട്ടില്ലെന്ന വാദം മദ്ഹബ് പക്ഷപാതിത്വത്തിന്റെയും തദടിസ്ഥാനത്തിലുള്ള വൈരത്തിന്റെയും വ്യക്തമായ തെളിവാണ്. കൂഫയിൽ ഇബ്നു മസ്ഊദിന്റെ ജ്ഞാനപീഠമാണ് ഇമാം അബൂ ഹനീഫ അനന്തരമെ

**വിശ്വാസികളെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ കൽപനകളോടെന്നപോലെ പ്രവാചകന്റെ കൽപ നകളോടും ഒറ്റ സമീപനമേ അവർക്കുണ്ടാകാൻ പാടുള്ളൂ. മനസാ, വാചാ, കർമണാ അതംഗീകരിക്കുക യെന്ന ഒറ്റ സമീപനം: "തങ്ങൾക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങളിൽ വിധി പറയാൻ അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികൾക്ക് ഒറ്റ വാക്കേയുള്ളൂ. അവർ പറയും: ഞങ്ങൾ കേട്ടനുസരിച്ചിരിക്കുന്നു. അവരാണ് വിജയികൾ"(*അന്നൂർ:* 51)**



ടുത്തത്. അദ്ദേഹത്തിന്റെ ഗുരുനാഥന്മാരെല്ലാം പ്രസിദ്ധരായ ഹദീസ് പണ്ഡിതന്മാരായിരുന്നു. ഗുരുവായ ഹമ്മാദിൽ നിന്ന് ഇമാം രണ്ടായിരം ഹദീസുകൾ റിപ്പോർട്ടു ചെയ്തതായും മറ്റു ഗുരുക്കന്മാരിൽനിന്ന് വേറെ രണ്ടായിരം ഹദീസുകൾ റിപ്പോർട്ടു ചെയ്തതായും ഹസനുബ്നു സിയാദ് പറഞ്ഞതായി മുവഫ്ഫ ഖുൽ മക്കി ഉദ്ധരിച്ചിട്ടുണ്ട് (*മനാഖിബു അബീഹനീഫ*). അതിൽ അത്ഭുതമില്ല. ഇബ്നു മസ്ഊദ്, അലി, സഅ്ദുബ്നു അബീവഖാസ്, ഹുദൈഫ, അമ്മാർ, സൽമാൻ, അബൂമൂസ(റ) തുടങ്ങി നാൽപതിലധികം പ്രഗത്ഭ സ്വഹാബികൾ സ്ഥിരതാമസമാക്കിയ ഒരു പ്രദേശത്ത് പണ്ഡിതന്മാർക്ക് ഹദീസുകൾ കിട്ടിയില്ലെന്നു പറഞ്ഞാൽ അത് പ്രഥമ ശ്രവണത്തിൽ തന്നെ തള്ളിക്കളയേണ്ടതാണ്. ഇമാമിന്റെ ഗുരുവായ ഹമ്മാദ്, അദ്ദേഹത്തിന്റെ ഗുരുവായ ഇബ്റാഹീമുന്നഖഇ എന്നിവരൊക്കെ അറിയപ്പെടുന്ന ഹദീസ് പണ്ഡിതന്മാരായിരുന്നുവെന്നതാണ് ചരിത്രം. ഹദീസുകൾ സ്വീകരിക്കുന്നതിന് ഇമാം തന്റേതായ നിബന്ധനകൾ വെക്കുകയും സൂക്ഷ്മത പുലർത്തുകയും ചെയ്തിരുന്നുവെന്നത് ശരിയാണ്. അത് പക്ഷേ, ഹദീസ് നിരാകരണത്തിന്റെ തെളിവല്ല. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ ശിഷ്യന്മാരും ഹദീസുകൾ സ്വീകരിച്ചുവെന്നു മാത്രമല്ല, ആ ശാസ്ത്രത്തിൽ പ്രവീണരായാണ് അറിയപ്പെടുന്നത്. എന്നിരിക്കെ ഇമാം അബൂഹനീഫയെ ഹദീസ്‌വിരോധിയാക്കാനുള്ള ശ്രമങ്ങൾ വിജയിക്കുകയില്ല.

മറ്റു കർമശാസ്ത്ര സാരഥികളെ സംബന്ധിച്ചിടത്തോളം നിലപാടുകൾ വളരെ വ്യക്തമാണ്. ഇമാം ബൈഹഖി ഉസ്മാനുബ്നു ഉമറിൽനിന്നുദ്ധരിക്കുന്നു: അദ്ദേഹം പറഞ്ഞു: ഒരാൾ ഇമാം മാലികിന്റെ സന്നിധിയിൽ വന്ന് ഒരു പ്രശ്നത്തെക്കുറിച്ചു ചോദിച്ചു. തിരുമേനിയിൽ നിന്നുള്ള ഒരു ഹദീസാണ് അതിനു മറുപടിയായി അദ്ദേഹം നൽകിയത്. ഇതു കേട്ട ശേഷം ആ മനുഷ്യൻ വീണ്ടും ചോദിച്ചു: ഈ വിഷയത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്? ഇതിന് ഇമാമിന്റെ മറുപടി ഈ ഖുർആൻ സൂക്തമായിരുന്നു: "അദ്ദേഹത്തിന്റെ കൽപനക്ക് വിപരീതം പ്രവർത്തിക്കുന്നവരെ ഇഹത്തിൽ തന്നെ വിപത്ത് പിടികൂടുന്നതും പരലോകത്ത് കഠിനമായ ശിക്ഷ ബാധിക്കുന്നതും ഭയപ്പെട്ടു കൊള്ളട്ടെ." (*അന്നൂർ:* 63)

റബീഅ് പറഞ്ഞതായി ഉദ്ധരണം: ഒരുദിവസം ഇമാം ശാഫിഈ ഒരു ഹദീസ് ഉദ്ധരിച്ചു. അപ്പോൾ ഒരാൾ ചോദിച്ചു: അബൂ അബ്ദില്ലാ! അങ്ങ് ഈ ഹദീസ് സ്വീകരിക്കുന്നോ? ഇമാം പറഞ്ഞു: "ഞാൻ അല്ലാഹുവിന്റെ ദൂതനിൽനിന്ന് ഒരു ഹദീസ് ഉദ്ധരിക്കുകയും എന്നിട്ട് സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നത് കണ്ടാൽ എന്റെ ബുദ്ധി നശിച്ചിരിക്കുന്നുവെന്നതിനു ഞാൻ നിങ്ങളെ സാക്ഷി നിർത്തുകയാണ്." സുന്നത്തിനെക്കുറിച്ച് ഇതുതന്നെയാണ് അറിയപ്പെടുന്ന അവലംബനീയരായ എല്ലാ കർമശാസ്ത്ര പണ്ഡിതന്മാരുടെയും നിലപാട്.

പരിശുദ്ധ ഖുർആൻ നമ്മുടെ മുമ്പിലുണ്ട്. അതു നൂറു ശതമാനം സുരക്ഷിതമാണ്. മനുഷ്യർക്കാവശ്യമുള്ള ഒരു കാര്യവും അത് വിട്ടുകളഞ്ഞിട്ടുമില്ല. ഖുർആൻ പറയുന്നു: "ഗ്രന്ഥത്തിൽ നാം ഒന്നും വിട്ടുകളഞ്ഞിട്ടില്ല" (*അൽഅൻആം:* 38). എന്നിരിക്കെ നമുക്ക് ഖുർആൻ തന്നെ മതിയല്ലോ? പിന്നെയും ഹദീസുകൾ എന്തിനാണെന്നാണ് ചിലരുടെ ചോദ്യം.

ശരിയാണ്, അല്ലാഹു പറഞ്ഞതുപോലെ ഒരു കാര്യവും വിശുദ്ധ ഖുർആൻ വിട്ടുകളഞ്ഞിട്ടില്ല. ഇതുപോലെ സൂറത്തുന്നഹ്‌ലിൽ അല്ലാഹു പറഞ്ഞു: "നബീ, എല്ലാ കാര്യങ്ങളുടെയും വിശദീകരണവുമായി താങ്കൾക്ക് നാം വേദം അവതരിപ്പിച്ചു തന്നിരിക്കുന്നു" (*അന്നഹ്ൽ:* 88). ഈ പറഞ്ഞതിനർഥം വിശ്വാസ-കർമങ്ങളാകുന്ന ദീനിന്റെ എല്ലാ വിശദാംശങ്ങളും ഖുർആനിലുണ്ടെന്നല്ല. മറിച്ച് എല്ലാ വിശ്വാസകാര്യങ്ങളുടെയും കർമശാസ്ത്രത്തിന്റെയും അടിസ്ഥാനങ്ങളും പൊതു തത്ത്വങ്ങളും ഖുർആനിലുണ്ടെന്ന് മാത്രമാണ്. പല കാര്യങ്ങൾക്കും വിശദീകരണങ്ങൾ വേണ്ടിവരും. അവ വിശദീകരിക്കാൻ പ്രവാചകനെ ഖുർആൻ തന്നെ ചുമതലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഖുർആൻ പറയുന്നു:

"ജനങ്ങളിലേക്ക് അവതരിച്ചത് അവർക്ക് വിവരിച്ചു കൊടുക്കാൻ വേണ്ടിയാണ് ഈ ദിക്റിനെ നാം നിനക്കവതരിപ്പിച്ചു തന്നത്"(*അന്നഹ്ൽ:* 44). അതിനാൽ തിരുമേനിയുടെ വിശദീകരണം ഖുർആൻ പറഞ്ഞ സാകല്യത്തിന്റെ ഭാഗമാണ്. മറ്റൊരു ഭാഷയിൽ ഖുർആന്റെ പൂർത്തീകരണത്തിനും സമഗ്രതക്കും അല്ലാഹു തന്നെ നിശ്ചയിച്ച സംവിധാനങ്ങളിലൊന്നാണ് സുന്നത്ത്. അങ്ങനെയായിരുന്നില്ലെങ്കിൽ ഇസ്‌ലാമിന്റെ സ്തംഭങ്ങളായ പഞ്ചകർമങ്ങളുടെ നിർവഹണ രീതി പോലും മനസ്സിലാക്കാൻ നമുക്കു കഴിയുമായിരുന്നില്ല. ഈ സ്തംഭങ്ങളിൽ പ്രഥമമാണല്ലോ നമസ്കാരം. അതിന്റെ വിശദാംശങ്ങൾ ഖുർആനിലെവിടെ? എത്ര സമയം, എത്ര റക്അത്തുകൾ നമസ്കരിക്കണം? അതെങ്ങനെ നിർവഹിക്കണം? ഇത്തരം വിശദാംശങ്ങളൊന്നും ഖുർആനിലില്ല. അതെല്ലാം തിരുമേനിയുടെ സുന്നത്തിൽനിന്നാണ് ലഭിക്കുന്നത്. സകാത്ത്, ഹജ്ജ് തുടങ്ങിയ മറ്റു പ്രധാന കർമങ്ങളും ഇങ്ങനെത്തന്നെ. അതിനാൽ 'വിശദീകരണ'മെന്നു ഖുർആൻ പറഞ്ഞതിന്റെ

**ഇമാം അബൂഹനീഫക്ക് ഹദീസുകൾ കിട്ടിയിട്ടില്ലെന്ന വാദം മദ്ഹബ് പക്ഷപാതിത്വത്തിന്റെയും തദടിസ്ഥാനത്തിലുള്ള വൈരത്തിന്റെയും വ്യക്തമായ തെളിവാണ്. കൂഫയിൽ ഇബ്നു മസ്ഊദിന്റെ ജ്ഞാനപീഠമാണ് ഇമാം അബൂഹനീഫ അനന്തരമെടുത്തത്. അദ്ദേഹത്തിന്റെ ഗുരുനാഥന്മാരെല്ലാം പ്രസിദ്ധരായ ഹദീസ്പണ്ഡിതന്മാരായിരുന്നു. ഗുരുവായ ഹമ്മാദിൽനിന്ന് ഇമാം രണ്ടായിരം ഹദീസുകൾ റിപ്പോർട്ടു ചെയ്തതായും മറ്റു ഗുരുക്കന്മാരിൽനിന്ന് വേറെ രണ്ടായിരം ഹദീസുകൾ റിപ്പോർട്ടു ചെയ്തതായും ഹസനുബ്നു സിയാദ് പറഞ്ഞതായി മുവഫ്ഫഖുൽ മക്കി ഉദ്ധരിച്ചിട്ടുണ്ട്.**

താൽപര്യം ഓരോ കാര്യങ്ങളുടെയും ശാഖോപശാഖകളല്ല. ഇനങ്ങളുടെ സാകല്യം മാത്രമേ അതിന്റെ ഉദ്ദേശ്യമാവാനിടയുള്ളൂ.

ദീനിന്റെ നിലനിൽപിനു വേണ്ടി ഖുർആന്റെ സംരക്ഷണം മാത്രമാണ് അല്ലാഹു ഏറ്റെടുത്തിരിക്കുന്നത്. അല്ലാഹു പറഞ്ഞു: "ഈ ദിക്റിനെ അവതരിപ്പിച്ചത് നാമാണ്. നാം തന്നെ അതിനെ സംരക്ഷിക്കുകയും ചെയ്യും." ഇതുപോലെ സുന്നത്തും ദീനിന്റെ മുഖ്യമായ ഒരടിസ്ഥാനമായിരുന്നുവെങ്കിൽ അതിന്റെ സംരക്ഷണവും അല്ലാഹു ഏറ്റെടുക്കുമായിരുന്നു. പക്ഷേ, അതുണ്ടായില്ലെന്നാണ് മറ്റൊരു വാദം.

ഇതും ചിന്തിക്കുന്നവരെ സംബന്ധിച്ചിടത്തോളം വളരെ ബാലിശമാണ്. കാരണം, ഖുർആന്റെ സംരക്ഷണം അല്ലാഹു ഏറ്റെടുത്തു എന്നു പറഞ്ഞതിന്റെ താൽപര്യം, ഖുർആന്റെ അക്ഷരങ്ങൾ മാറ്റമില്ലാതെ, മങ്ങാതെ മറയാതെ എന്നും നിലനിൽക്കുമെന്ന് മാത്രമല്ല. മറിച്ച് ഖുർആൻ ജനങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്ന ആദർശവും കർമങ്ങളുമുൾക്കൊള്ളുന്ന സംസ്കാരവും കൂടി സംരക്ഷിക്കപ്പെടുമെന്നാണ്. അങ്ങനെയല്ലെങ്കിൽ ഉദ്ദേശ്യം പൂർണമായും ഗ്രഹിക്കാൻ കഴിയാത്ത കുറെ അക്ഷരങ്ങളുടെ മാത്രം സംരക്ഷണം കൊണ്ടെന്തു കാര്യം? അത് പൂർണാർഥത്തിൽ സംരക്ഷണമാവുന്നില്ല. ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കാൻ വേണ്ടിയാണ് അല്ലാഹു ഖുർആൻ മുഹമ്മദ് നബിക്ക് അവതരിപ്പിച്ചു കൊടുത്തതെന്ന് ഖുർആൻ തന്നെ പറയുന്നു. അതിനു സൗകര്യമാവുന്നതിനു വേണ്ടി ഒന്നിച്ചവതരിപ്പിക്കാതെ 23 വർഷം കൊണ്ടുമാത്രമേ അല്ലാഹു അതിന്റെ അവതരണം പൂർത്തിയാക്കിയുള്ളു. ഈ കാലയളവിൽ അല്ലാഹു ചുമതലപ്പെടുത്തിയതനുസരിച്ച് നബി ഖുർആന്റെ അവ്യക്തമായ പല ഭാഗങ്ങളും വിശദീകരിച്ചിട്ടുണ്ടാവണമല്ലോ. ആ വിശദീകരണം കൂടാതെ സ്വഹാബികൾക്ക് ഖുർആൻ മനസ്സിലാക്കാൻ കഴിയുമായിരുന്നില്ലെങ്കിൽ പിന്നീടുള്ളവർക്ക് തിരുമേനിയുടെ വിശദീകരണമൊന്നും കൂടാതെ തന്നെ ഖുർആൻ ഗ്രഹിക്കാൻ കഴിയുമെന്ന് പറയുന്നതിനെന്തർഥമാണുള്ളത്? അതല്ല, ഖുർആൻ ഗ്രഹിക്കുന്നതിന് തിരുമേനിയുടെ വിശദീകരണം (സുന്നത്ത്) കൂടിയേതീരൂവെന്ന് സമ്മതിക്കുകയാണെങ്കിൽ പിന്നെ ഖുർആന്റെ സംരക്ഷണത്തിൽ സുന്നത്തിന്റെ സംരക്ഷണം കൂടി ഉൾപ്പെടുമെന്നു സമ്മതിക്കാതെ തരമില്ല. യഥാർഥത്തിൽ സംഭവിച്ചതും അതാണ്. സുന്നത്തിന്റെ സംരക്ഷണത്തിന് ഏതെങ്കിലും പ്രത്യേക രീതി സ്വീകരിക്കണമെന്ന് തിരുമേനി നിർദേശിച്ചതായി അറിയുന്നില്ല. എന്നിട്ടും സ്വഹാബികളും ശേഷക്കാരും അതിനു ചില പ്രത്യേക രീതികൾ തന്നെ ആവിഷ്കരിച്ചു. മൂന്നോ നാലോ തലമുറകൾ കൈമാറി സുന്നത്ത് വ്യാപകമായി രേഖപ്പെടുത്തുന്നത് വരെ, കടന്നു വന്ന നിവേദക പരമ്പരകളത്രയും അവർ ഹൃദിസ്ഥമാക്കി. ഇങ്ങനെ പരമ്പരയില്ലാത്ത ഒരു റിപ്പോർട്ടും അവർ സ്വീകരിച്ചില്ല. ലോക ചരിത്രത്തിലെവിടെയും ഇതിനു മുമ്പോ ശേഷമോ ഇത്രയും സൂക്ഷ്മമായി ഒരു സംഭവവും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ലെന്നതാണ് സത്യം. അതിനാൽ ഖുർആന്റെ സംരക്ഷണത്തിനായി അല്ലാഹു തന്നെയാണ് അതിന്റെ ആധികാരിക വിശദീകരണമായ സുന്നത്തും സംരക്ഷിച്ചതെന്ന് വ്യക്തം. അതല്ലാഹു നേരത്തെതന്നെ പ്രഖ്യാപിച്ചിട്ടുമുണ്ട്. ഖുർആനിൽ അല്ലാഹു പറയുന്നു: "പിന്നെ അതിന്റെ വിശദീകരണവും നമ്മുടെ ബാധ്യതയാണ്" (*അൽഖിയാമ*: 19). അതെ, ആ ബാധ്യതയാണ് സുന്നത്തിന്റെ സംരക്ഷണത്തിലൂടെ അല്ലാഹു നിർവഹിച്ചത്. സുന്നത്തിന്റെ സംരക്ഷണം ഖുർആന്റെ സംരക്ഷണത്തിന്റെ ഭാഗമാണെന്നു സാരം.

'ഖുർആൻ എഴുതുവാൻ തിരുമേനിക്ക് പ്രത്യേകം എഴുത്തുകാരുണ്ടായിരുന്നു. ഖുർആൻ അല്ലാത്തതൊന്നും എഴുതുവാൻ എഴുത്തുകാർ ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല, എഴുതുവാൻ തിരുമേനി അനുവദിക്കുകയും ചെയ്തിരുന്നില്ല. സുന്നത്ത് സംരക്ഷിക്കപ്പെടേണ്ടതാണെങ്കിൽ തിരുമേനി മറിച്ചായിരുന്നില്ലേ ചെയ്യേണ്ടിയിരുന്നത്?' സുന്നത്ത് പ്രമാണമായി അംഗീകരിക്കാത്തവരുടെ മറ്റൊരു വാദമാണിത്.

നബി(സ) സുന്നത്ത് രേഖപ്പെടുത്തുന്നതിന് എഴുത്തുകാരെ നിയോഗിച്ചിരുന്നില്ല. ഖുർആൻ രേഖപ്പെടുത്തുന്നതിലായിരുന്നു പ്രഥമ പരിഗണന. എഴുതാൻ അറിയുന്നവരാണെങ്കിൽ വിരളവും. അതിനാൽ ഉള്ളവരെ ഖുർആൻ എഴുതുന്നതിൽ വ്യാപൃതരാക്കി. ഇത് പക്ഷേ, ആദ്യത്തിലായിരുന്നു. പിന്നീട് നബി(സ) തന്നെ സകാത്തുമായും ദിയ(കൊലയുടെ നഷ്ടപരിഹാരം)യുമായും മറ്റും ബന്ധപ്പെട്ട സുപ്രധാന നിയമങ്ങളും വ്യവസ്ഥകളും പ്രത്യേകമായി എഴുതി അറിയിക്കാൻ ഏർപ്പാടു ചെയ്തു. അബ്ദുല്ലാഹിബ്നു അംറിനെപ്പോലുള്ള ചില സ്വഹാബികൾക്ക് ഹദീസുകൾ എഴുതി വെക്കാൻ അനുവാദം നൽകി. അതിനൊക്കെ പുറമെ നബി(സ)യിൽനിന്നു കേൾക്കുന്ന കാര്യങ്ങളത്രയും സൂക്ഷ്മതയോടെയും വിശ്വസ്തതയോടെയും മറ്റുള്ളവർക്കെത്തിച്ചു കൊടുക്കാൻ കൽപിക്കുകയും ചെയ്തു. ഈ വിഷയത്തിൽ മുതവാത്തിറിന്റെ സ്ഥാനത്തോളമുയർന്ന ഒരു ഹദീസ് ഇങ്ങനെ വായിക്കാം: നബി(സ) പറഞ്ഞു:

"എന്റെ വാക്കുകൾ കേൾക്കുകയും ഗ്രഹിക്കുകയും പിന്നീട് കേട്ടതുപോലെ മറ്റുള്ളവർക്കെത്തിച്ചു കൊടുക്കുകയും ചെയ്ത മനുഷ്യനെ അല്ലാഹു അനുഗ്രഹിക്കട്ടെ, കേൾക്കുന്നവരേക്കാൾ ഗ്രഹിക്കുന്ന എത്രയെത്ര പേരുണ്ട് കേൾപ്പിക്കപ്പെടുന്നവരിൽ."

നബി(സ)യുടെ വാക്കുകൾക്ക് പ്രാമാണികതയില്ലെങ്കിൽ അത് മറ്റുള്ളവർക്ക് എത്തിക്കാൻ നബി(സ) കൽപിക്കേണ്ടതില്ല. സൂക്ഷ്മമായി പിൽക്കാലക്കാർക്ക് എത്തിക്കാൻ സ്വഹാബികളും ശ്രദ്ധിക്കേണ്ടിയിരുന്നില്ല.

ഖുർആൻപോലെ സൂക്ഷ്മമായി ലഭിക്കാത്തതിനാൽ നെല്ലും കല്ലും കൂടിക്കലർന്നിരിക്കുന്നുവെന്നും അവ വേർതിരിച്ചെടുക്കുക സുസാധ്യമല്ലെന്നുമാണ് മറ്റൊരുവാദം.

ഇത്രയും പഴക്കമുള്ള മറ്റേതെങ്കിലും ചരിത്ര സംഭവത്തെക്കുറിച്ചാണ് ഇത് പറയുന്നതെങ്കിൽ അത് ശരിയാകുമായിരുന്നു. പക്ഷേ, നബി(സ)യുടെ ജീവിതത്തിലെ ഒരു ഭാഗവും ഇങ്ങനെയല്ല എന്നത് അത്ഭുതാവഹമാണെങ്കിലും

**സുന്നത്തിന്റെ സംരക്ഷണത്തിന് ഏതെങ്കിലും പ്രത്യേക രീതി സ്വീകരിക്കണമെന്ന് തിരുമേനി നിർദേശിച്ച തായി അറിയുന്നില്ല. എന്നിട്ടും സ്വഹാബികളും ശേഷക്കാരും അതിനു ചില പ്രത്യേക രീതികൾ തന്നെ ആവിഷ്കരിച്ചു. മൂന്നോ നാലോ തലമുറകൾ കൈമാറി സുന്നത്ത് വ്യാപകമായി രേഖപ്പെടുത്തുന്നത് വരെ, കടന്നു വന്ന നിവേദക പരമ്പരകളത്രയും അവർ ഹൃദിസ്ഥമാക്കി. ഇങ്ങനെ പരമ്പരയില്ലാത്ത ഒരു റിപ്പോർട്ടും അവർ സ്വീകരിച്ചില്ല. ലോകചരിത്രത്തിലെവിടെയും ഇതിനു മുമ്പോ ശേഷമോ ഇത്രയും സൂക്ഷ്മമായി ഒരു സംഭവവും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ലെന്നതാണ് സത്യം.**

ചരിത്രസത്യമാണ്. നബി(സ)യുടെ വാക്കുകളും പ്രവൃത്തികളും മൗനവുമെല്ലാം കണ്ടവരും കേട്ടവരുമാണ് മറ്റുള്ളവർക്ക് സൂക്ഷ്മതയോടുകൂടി എത്തിക്കുന്നത്. ശേഷക്കാരാവട്ടെ തന്നിലേക്കെത്തുന്നതു വരെയുള്ള പരമ്പരയോടു കൂടിയേ അത് മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നുള്ളൂ. അഥവാ അങ്ങനെ മാത്രമേ അവരത് സ്വീകരിക്കുന്നുള്ളൂ. പിന്നീട് അത് രേഖപ്പെടുത്തിയ ഘട്ടമെത്തിയപ്പോൾ (രണ്ടോ മൂന്നോ തലമുറകൾക്കു ശേഷമാണത്) അവർ ഒന്നുകൂടി ജാഗ്രത്തായി. പരമ്പരയിലുള്ള ഓരോ വ്യക്തികളെക്കുറിച്ചും സൂക്ഷ്മമായി പഠനം നടത്തി. അവർ എന്ത് തരക്കാരായിരുന്നു? വിശ്വസ്തതക്ക് നിരക്കാത്ത വല്ലതും അവരുടെ ജീവിതത്തിലെവിടെയെങ്കിലും സംഭവിച്ചിട്ടുണ്ടോ? ആരായിരുന്നു അവരുടെ കൂട്ടുകാർ? ആരായിരുന്നു ഗുരുക്കൾ? എന്നു തുടങ്ങി വിശ്വസ്തത ഉറപ്പുവരുത്താവുന്നതിന്റെ പരമാവധി ലഭ്യമായാൽ മാത്രമേ ഓരോ വ്യക്തിയിലൂടെയും ലഭിക്കുന്ന ഹദീസുകൾ സ്വീകരിക്കുന്നുള്ളൂ. ചില ഗ്രന്ഥകാരന്മാർ വിശ്വസ്തതയിൽ സംശയങ്ങൾ കയറിവരാവുന്ന ചില നേരിയ പഴുതുകൾ അടക്കാതെയാണ് ഹദീസുകൾ സ്വീകരിച്ചതെങ്കിൽ സമുദായം പിന്നീട് ഈ ഗ്രന്ഥകാരന്മാരുടെ ഹദീസുകൾ കണ്ണടച്ച് സ്വീകരിക്കുകയുണ്ടായില്ല. മറിച്ച് പണ്ഡിതന്മാർ അതേക്കുറിച്ച് വീണ്ടും സൂക്ഷ്മമായ പരിശോധനകൾ നടത്തിയ ശേഷമേ അവ തെളിവായി അംഗീകരിക്കുകയുണ്ടായുള്ളൂ. അതിനാൽ ഹദീസ് സമാഹാരങ്ങളിൽ നെല്ലും കല്ലുമുണ്ടെന്നത് ശരി തന്നെയാണെങ്കിലും അവ വേർതിരിച്ചെടുക്കാൻ പ്രയാസമാണെന്നത് ശരിയല്ല. വളരെ ഭദ്രമായ നിബന്ധനകൾ ചുമത്തി ലോക ചരിത്രത്തിൽ മാതൃകയില്ലാത്തവിധം ഇങ്ങനെ വേർതിരിച്ചു മാറ്റിയെടുത്ത ഹദീസുകൾ തന്നെയുണ്ട് എത്രയെങ്കിലും; എന്നല്ല അവ മാത്രമേ ശരീഅത്തിന്റെ പൂർത്തീകരണത്തിന് ആവശ്യവുമുള്ളൂ. സൂക്ഷ്മ ജ്ഞാനികളായ പണ്ഡിതന്മാർ ദുർബലമായ ഒരു ഹദീസും സ്വീകരിച്ചിട്ടില്ല എന്നതാണ് വസ്തുത.

സുന്നത്ത് ആവശ്യമില്ലെന്നു വാദിക്കുന്നവർ ഖുർആൻ മാത്രം മതിയെന്നാണ് ഘോഷിക്കുന്നത്. പക്ഷേ, ഈ വാദം ഖുർആന്നു തന്നെ എതിരാണെങ്കിലോ? അതാണ് വസ്തുത. കാരണം ഖുർആൻ അനേകം സൂക്തങ്ങളിലൂടെ അല്ലാഹുവിനെ അനുസരിക്കാൻ കൽപിക്കുന്നതോടൊപ്പം റസൂലിനെയും അനുസരിക്കാൻ കൽപിക്കുന്നു. ഖുർആൻ മാത്രമേ സ്വീകരിക്കേണ്ടതുള്ളൂവെങ്കിൽ പ്രവാചകാനുസരണത്തിന്റെ അർഥമെന്താണ്? ഒന്നിനോട് ചേർത്ത് മറ്റൊന്നു വേർതിരിച്ചു പറയുമ്പോൾ രണ്ടും രണ്ടു കാര്യമാണെന്നു വ്യക്തം. ഖുർആൻ പറയുന്നത് കാണുക:

"അല്ലാഹുവിനെ അനുസരിക്കുക, അവന്റെ ദൂതനെയും അനുസരിക്കുക, നിങ്ങൾ ഭയപ്പെട്ടു കൊള്ളുക. അനുസരിക്കാതെ പിന്തിരിയുകയാണെങ്കിൽ, നമ്മുടെ ദൂതന് കാര്യങ്ങൾ വ്യക്തമായി നിങ്ങൾക്കെത്തിച്ചു തരാനുള്ള ബാധ്യത മാത്രമേയുള്ളൂവെന്ന് അറിഞ്ഞിരിക്കുക" (*അൽമാഇദ* : 92).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുക. കാര്യങ്ങൾ കേട്ടുകൊണ്ടിരിക്കെ അദ്ദേഹത്തിൽനിന്നു പിന്തിരിഞ്ഞു കളയരുത്" (*അൽഅൻഫാൽ* : 20).

"പറയുക, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക, അവന്റെ ദൂതനെയും അനുസരിക്കുക. ഇനി നിങ്ങൾ പിന്തിരിയുകയാണെങ്കിൽ വ്യക്തമായും കാര്യങ്ങൾ എത്തിച്ചുതരാൻ മാത്രമേ നമ്മുടെ ദൂതനു ബാധ്യതയുള്ളൂ"(*അത്തഗാബുൻ:* 12).

ഇതുപോലുള്ള നിരവധി സൂക്തങ്ങളിൽ അല്ലാഹുവിനോടുള്ള അനുസരണത്തോടൊപ്പം പ്രവാചകനോടുള്ള അനുസരണവും ചേർത്ത് പറഞ്ഞിരിക്കുന്നു. ഖുർആൻ മാത്രമാണ് പിൻപറ്റേണ്ടതെങ്കിൽ അല്ലാഹുവിനെ അനുസരിക്കുക എന്നു മാത്രം കൽപിച്ചാൽ തന്നെ അതു ലഭിക്കുമെന്നു പറയേണ്ടതില്ല. അതിനാൽ ഇവിടങ്ങളിൽ പ്രവാചകാനുസരണത്തിന്റെ താൽപര്യം സുന്നത്താണെന്നു വ്യക്തം.

ഇനി ഈ അനുസരണം സാധാരണ കാര്യങ്ങളിൽ മാത്രമാണെന്നും നിയമനിർമാണവുമായി ബന്ധപ്പെട്ട ഖുർആനിലില്ലാത്ത കൽപനകൾ അതിൽപെടുകയില്ലെന്നുമാണ് വാദമെങ്കിൽ ഖുർആൻ തന്നെ ആ കാര്യവും വ്യക്തമാക്കിയിട്ടുണ്ട്:

"അവർക്കിടയിൽ വിധി കൽപിക്കുവാൻ അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും വിളിച്ചാൽ അവരിൽ ഒരു വിഭാഗമതാ തിരിഞ്ഞു കളയുന്നു. അവർക്ക് വല്ല അവകാശവും ലഭിക്കാനുണ്ടെങ്കിൽ അവർ അനുസരണത്തോടെ അദ്ദേഹത്തിന്റെ അടുത്തു വരും. അവരുടെ ഹൃദയങ്ങളിൽ വല്ല രോഗവുമുണ്ടോ? അതല്ല, അവർ സംശയാലുക്കളായതോ? അതുമല്ലെങ്കിൽ അല്ലാഹുവും അവന്റെ ദൂതനും പക്ഷപാതിത്വപരമായി അവരോട് അക്രമം പ്രവർത്തിക്കുമെന്ന് അവർ ഭയപ്പെടുന്നുവോ? എന്നാൽ യഥാർഥത്തിൽ അവർ തന്നെയാണ് അക്രമികൾ. തങ്ങൾക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങളിൽ വിധി കൽപിക്കുവാൻ അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികൾക്ക് ഒറ്റ വാക്കേയുള്ളൂ. അവർ പറയും: ഞങ്ങൾ കേട്ടു; അനുസരിച്ചു. അവരാണ് വിജയികൾ. ആർ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും അവന്റെ കൽപനകൾ സൂക്ഷിക്കുകയും ചെയ്യുന്നുവോ അവരാണ് വിജയികൾ"(*അന്നൂർ:* 48-52).

അതിനാൽ ഇമാം ശാഫിഈ പറഞ്ഞ പോലെ അല്ലാഹുവിന്റെ വിധികളില്ലാത്ത കാര്യങ്ങളിൽ നബി നബി(സ)യുടെ വിധികൾ അല്ലാഹുവിന്റെ കൽപനയനുസരിച്ചുള്ള വിധികളാണ്. അതാണ് അല്ലാഹു പറഞ്ഞത്:

"നബീ, താങ്കൾ നേരായ വഴിയിലേക്ക് - അല്ലാഹുവിന്റെ വഴിയിലേക്ക് - മാർഗദർശനം ചെയ്യുന്നു"(*അശ്ശൂറാ:* 52,53). ■